# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നം. 39</u>

<u>**29.01.2019 ൽ മറുപടിക്ക്**</u>

## <u>ആലപ്പാട്ട് ഗ്രാമത്തിലെ ഖനനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>ഡോ.എം. കെ. മുനീർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.കെ.ബഷീർ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ വെള്ളനാതുരുത്ത് മുതൽ അഴീക്കൽ വരെയുള്ള ആലപ്പാട്ട് ഗ്രാമം ഖനനം മൂലം ഇല്ലാതാകുമെന്നുള്ള തദ്ദേശീയരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) 1955-ൽ 89.5 ചതുരശ്ര കിലോമീറ്റർ വിസ്തൃതി ഉണ്ടായിരുന്ന ആലപ്പാട്ട് പ്രദേശം ഇപ്പോൾ 7.5 ചതുരശ്ര കിലോമീറ്ററായി ചുരുങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) നാട്ടുകാരുടെ ആശങ്ക കണക്കിലെടുത്ത് 16.01.2019 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഖനനം മൂലം ഉണ്ടായിരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി) ആലപ്പാട്ടെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികളുടെയും, ഉന്നത ഉദ്യോഗസ്ഥരുടെയും, കമ്പനി അധികൃതരുടെയും ഒരു യോഗം 16.01.2019-ന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗതീരുമാന പ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ |

ച്ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22.01.2019 മുതൽ ഐ.ആർ.ഇ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച ശേഷം മാത്രമേ എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കാനാകുമെന്ന് തീരുമാനിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ, ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്ന തിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശുപാർശ ചെയ്യുകയും വേണം. ആലപ്പാട്ടെ കരിമണൽ ഖനനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കെതിരെ രൂപീകരിച്ചിട്ടുള്ള സമരസമിതിയുമായി 17.01.2019-ലെ ബഹു. വ്യവസായ വകുപ്പ് മന്ത്രി ചർച്ച നടത്തിയിരുന്നു. ഖനനം സംബന്ധിച്ച നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും അനുസരിച്ച് ജനങ്ങളുടെ ആശങ്ക പരിഹരിക്കുക എന്നതാണ് ഇക്കാര്യത്തിൽ സർക്കാരിന്റെ നയം.

**സെക്ഷൻ ഓഫീസർ**